**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6809** **21-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ഓൺലൈൻ ആയും ഓഫ് ലൈൻ ആയും എത്ര അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ 14.03.2023 വരെ, ഓൺ ലൈൻ ആയി 17904 അപേക്ഷകളും, ഓഫ് ലൈൻ ആയി 21144 അപേക്ഷകളും ഉൾപ്പെടെ, ആകെ 39 048 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഓഫ് ലൈൻ ആയി ലഭിച്ച എത്ര അപേക്ഷകളിന്മേലാണ് ഇനി നടപടി സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഓഫ് ലൈൻ ആയി ലഭിച്ച 1305 അപേക്ഷകളിന്മേലാണ് ഇനി നടപടി സ്വീകരിക്കാനുള്ളത്. |
| (സി) | ഓൺ ലൈൻ അപേക്ഷയുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | ഓൺ ലൈൻ അപേക്ഷയുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കും പ്രകാരം പരിഹരിച്ചിട്ടുള്ളതാണ് .<br><br>1). ട്രഷറി സംവിധാനം നിലവിൽ പൂർണ്ണമായും ഓൺ ലൈൻ സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ തരംമാറ്റ ഫീസ് അടക്കുന്ന കാര്യത്തിൽ അപേക്ഷകർ നേരിട്ട് ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി, ഓൺ ലൈൻ ആയോ അല്ലെങ്കിൽ pay in slip ജനറേറ്റ് ചെയ്ത്, ട്രഷറിയിൽ തുക നേരിട്ട് അടവാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്.<br><br>2). പുതിയ അപേക്ഷകളും, റിപ്പാർട്ട് ലഭിച്ച അപേക്ഷകളും, തീയതിക്കനുസരിച്ച് sort ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br><br>3). തരംമാറ്റത്തിനുള്ള ഓൺ ലൈൻ അപേക്ഷകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർ/ സബ് കളക്ടർ അന്തിമ ഉത്തരവ് നൽകി കഴിഞ്ഞാൽ, പ്രസ്തുത ഫയൽ മുഴുവനും കാണുവാനും ആവശ്യാനുസരണം print എടുക്കുവാനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | 4.) അപേക്ഷകന് തന്റെ അപേക്ഷയിൻമേൽ കൈക്കൊണ്ട നടപടി വിവരങ്ങൾ SMS സംവിധാനം മുഖേന അറിയുന്നതിനുള്ള സൗകര്യവും നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്.<br><br>ഇത്തരത്തിൽ, ശ്രദ്ധയിൽ പെടുന്ന എല്ലാ സാങ്കേതിക തടസ്സങ്ങളും അപ്പപ്പോൾ തന്നെ പരിഹരിച്ചു വരുന്നതാണ്. |

സെക്ഷൻ ഓഫീസർ